"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതിവകുപ്പ് -എക്സൈസ് -ഭരണപരം - കൽപ്പറ്റ എക്സൈസ് റേഞ്ച് ഓഫീസിലെ ക്രൈം നമ്പർ-20/2024 ൽ ഉൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL-12-N-9889 മാരുതി ആൾട്ടോ കാർ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സൗജന്യമായി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.388/2026/TAXES തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:- 1. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27.06.2025 ലെ KNRKWB/14431/52/2024-S14നമ്പർ കത്ത്.

2. എക്സൈസ് കമ്മീഷണറുടെ 10.11.2025 ലെ ഇ.എക്സ്.സി/3422/2025-എക്സ്.ജി1ബി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ ഓദ്യോഗിക വാഹനമായ KL-01- AZ- 2352 (Maruti Swift) 30.06.2025-ൽ 15 വർഷ കാലാവധി കഴിഞ്ഞതിനാൽ, വാഹനം പരിപാലിച്ച് പുനരുപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും, പ്രവാസി ക്ഷേമ ബോർഡിന്റെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ക്ഷേമ പദ്ധതികളുടെ പ്രചരണം, അവലോകനം, ത്വരിതമായ രജിസ്ട്രേഷൻ ക്യാമ്പുകൾ, അദാലത്തുകൾ തുടങ്ങി ബോർഡിന്റെ ഓദ്യോഗിക ആവശ്യങ്ങൾക്കായി ഒരു വാഹനത്തിന്റെ അത്യാവശ്യമുള്ളതാണെന്നും,അതിനാൽ ഉപയോഗയോഗ്യമായ ഒരു വാഹനം പ്രവാസി ക്ഷേമ ബോർഡിന് ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിക്കുന്നതിനായി പരാമർശം (1)പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2.കൽപ്പറ്റ എക്സൈസ് റേഞ്ച് ഓഫീസിലെ ക്രൈം നമ്പർ-20/2024 ൽ ഉൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL-12-N-9889 മാരുതി ആൾട്ടോ കാർ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ ഔദ്യോഗിക ആവശ്യത്തിനായി അനുവദിക്കാവുന്നതാണെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (2)പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കൽപ്പറ്റ എക്സൈസ് റേഞ്ച് ഓഫീസിലെ ക്രൈം നമ്പർ-20/2024 ൽ ഉൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL-12-N-9889 മാരുതി ആൾട്ടോ കാർ 1996-ലെ കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾസിലെ ചട്ടം 23 പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സൗജന്യമായി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് - ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.

3.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്,തിരുവനന്തപുരം.

4.നോർക്ക (എ) വകുപ്പ്(3194814:NORKA-A1/275/2025-NORKA).

5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

6.കരുതൽ ഫയൽ /ഓഫീസ് കോപ്പി(F3/245/2025/TD)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 24-04-2026 10:44:55